## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2486 23/01/2014-ൽ മറുപടിക്ക്

### ആദിവാസികളോടുള്ള ആരോഗ്യമേഖലയുടെ അവഗണന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. കെ.വി. വിജയദാസ് :<br>ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. പി.റ്റി.എ. റഹീം : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികളോടുള്ള ആരോഗ്യ മേഖലയുടെ അവഗണന കാരണം നവജാത ശിശുക്കളടക്കം ആദിവാസികളുടെ മരണസംഖ്യ വർദ്ധിക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ) | ആരോഗ്യ മേഖലയിൽ നടത്തിയ ഫലപ്രദമായ ഇടപെടലുകളും ക്രമാനുഗതമായ പരിചരണ പ്രവർത്തനങ്ങളും മുഖേന സ്ഥിതിഗതികൾ ഇപ്പോൾ നിയന്ത്രണ വിധേയമായിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസി മേഖലയിൽ നടപ്പിലാക്കിയ സമ്പൂർണ്ണ ചികിത്സാ പദ്ധതിയുടെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ച സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ കേന്ദ്ര സഹായമായി ലഭിച്ച 10 കോടി തുക പൂർണ്ണമായി വിനിയോഗിച്ചു കഴിഞ്ഞതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി തുടർന്നു നടത്തുന്നതിനായി 2012-13 ൽ 5 കോടി രൂപ വിനിയോഗിച്ചിരുന്നു. 2013-14 ൽ സംസ്ഥാന പദ്ധതിയായി അംഗീകരിച്ച് 4 കോടി രൂപ വകയിരുത്തുകയും ഇതിനകം പദ്ധതി നടപ്പാക്കുന്നതിനായി 3 കോടി 93 ലക്ഷം രൂപ പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ആശുപത്രികൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ആദിവാസി മേഖലയിലെ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാത്തതും മരുന്നുകളില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മതിയായ പോഷകാഹാരം ലഭ്യമാകാത്തതിനാൽ ആദിവാസി മേഖലകളിലെ കുട്ടികളും അമ്മമാരും നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും മതിയായ പോഷകാഹാരം സാമൂഹ്യ നീതി വകുപ്പ് മുഖേന വിതരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ പട്ടികവർഗ്ഗ അമ്മമാർക്ക് ഗർഭധാരണം നടന്ന മൂന്നാം മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ്സാകുന്നതുവരെ പോഷകമൂല്യം ഉള്ള ഭക്ഷണസാധനങ്ങൾ വാങ്ങുന്നതിനായി "ജനനി ജന്മ രക്ഷാ" എന്ന പുതിയ പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് മാസം തോറും ആയിരം രൂപ നിരക്കിൽ ധനസഹായം മണിയോർഡർ വഴി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ